**Personal Attention/Principals**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**No.Acd/Spc(1)/35009/2016/BPL(HSE)** **തീയതി: 24/11/2016**

# <u>സർക്കുലർ</u>

**വിഷയം**:-ഹ.സെ.വി.-മെറിറ്റ് കം മീൻസ് (ബി.പി.എൽ) സ്കോളർഷിപ്പ് 2016-17 -11-ാം ക്ലാസുകാരുടെ ഡാറ്റ എൻട്രി പിഴവുകൾ തിരുത്തുന്നത്-സംബന്ധിച്ച്.

**സൂചന**: 21/11/2016 ലെ ഇതേ നമ്പർ സർക്കുലറുകൾ

മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് 2016-17 ലെ 11-ാം ക്ലാസ്സ് ഗുണഭോക്താക്കളുടെ ഡാറ്റ എൻട്രി നടത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ സൂചനയിലെ സർക്കുലറിലൂടെ എല്ലാ ഹയർസെക്കന്ററി പ്രിൻസിപ്പൽമാരെയും അറിയിച്ചതാണ്. തെരഞ്ഞെടുപ്പ് പൂർത്തിയാക്കി സ്കോളർഷിപ്പിന് അർഹരായവരുടെ വിവരങ്ങൾ മാത്രം എൻട്രി വരുത്തണമെന്ന് നിരന്തരം സർക്കുലറിലൂടെ അറിയിച്ചിട്ടും ആയതിൽ തെറ്റു വരുത്തുന്നത് പ്രിൻസിപ്പലിന്റെ ഭാഗത്തുനിന്നുമുള്ള തികഞ്ഞ അനാസ്ഥയാണ്. അപ്രകാരം പിഴവ് വരുത്തിയ സ്കൂളുകൾക്ക്, ആയത് തിരുത്തുന്നതിന് <u>**ഒരു അവസരം മാത്രം**</u> നൽകുന്നു. ആയവർ ഇനിപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. സംഭവിച്ച പിഴവുകൾ **dhsescholarships@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ **"BPL Scholarship 2016-17 -class XI data entry correction"** എന്ന് സബ്ജക്ട് ബാറിൽ രേഖപ്പെടുത്തിയ ശേഷം ചുവടെ ചേർക്കുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിച്ച് ഇ-മെയിൽ ചെയ്യുക.
   a) സ്കൂൾ കോഡ്, സ്കൂളിന്റെ പേര് എന്നിവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.
   b) ഏതെങ്കിലും എൻട്രി മാത്രമായി delete ചെയ്യുന്നതിന് delete എന്ന് രേഖപ്പെടുത്തി ആ എൻട്രിയുടെ വിശദാംശങ്ങൾ മാത്രം നൽകുക.

e.g: delete-beneficiary name

c) മൊത്തം എൻട്രികളും delete ചെയ്യുന്നതിന് delete all entries എന്ന് രേഖപ്പെടുത്തുക.

e.g: delete-all entries

d) ഏതെങ്കിലും എൻട്രിയിൽ തിരുത്തൽ വരുത്തുന്നതിന് Edit എന്ന് ചേർത്ത് എഡിറ്റ് ചെയ്യേണ്ടുന്ന എൻട്രിയുടെ വിവരങ്ങൾ നൽകുക. ശ്രദ്ധിക്കുക, തെറ്റായി രേഖപ്പെടുത്തിയ എൻട്രിയുടെ വിവരങ്ങൾ മാത്രം നൽകുക; ആയത് എഡിറ്റ് ചെയ്യാവുന്നതരത്തിൽ റീസെറ്റ് ചെയ്യുന്നതായിരിക്കും. തുടർന്ന് അതത് സ്കൂളുകളിൽ നിന്ന് തന്നെ തിരുത്തലുകൾ വരുത്തേണ്ടതാണ്.

eg:Edit- Erroneously entered beneficiary name

<u>**25/11/16 ന് വൈകുന്നേരം 5 മണിവരെ**</u> ലഭിക്കുന്ന ഇ-മെയിലുകൾ മാത്രമേ ഇപ്രകാരം പരിഗണിയ്ക്കുകയുള്ളൂ. 28/11/16 നു രാവിലെ 11 മണി മുതൽ വൈകുന്നേരം 5 മണിവരെ തിരുത്തലുകൾ നടത്താവുന്നതാണ്.

അർഹരായ ഗുണഭോക്താക്കൾക്ക് യഥാസമയം സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിന് പ്രിൻസിപ്പൽമാർ അതീവ ശ്രദ്ധ നൽകേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്നത് പ്രിൻസിപ്പലിന്റെ ബാധ്യതയായി കരുതുന്നതാണ്.

**ഒപ്പ്/-**
**ജോയിന്റ് ഡയറക്ടർ**
**(അക്കാദമിക്)**